# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 3521

20/06/2018-ൽ മറുപടി
നൽകേണ്ടിയിരുന്നത്

***ദേശീയ ജലപാത പദ്ധതി***

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി. എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| (എ) സംസ്ഥാനത്തെ ഏതൊക്കെ ജലപാതകൾ ദേശീയ ജലപാത കളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; | (എ) വെസ്റ്റ്കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗവും എറണാകുളം ജില്ലയിലെ ചമ്പക്കര കനാൽ, ഉദ്യോഗമണ്ഡൽ കനാൽ എന്നിവയും ദേശീയജലപാത (NW-3) ആണ്. ആലപ്പുഴ - കോട്ടയം ജില്ലകളിലെ ആലപ്പുഴ - ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ - കോട്ടയം - അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (NW-59), തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ മുതൽ തമിഴ് നാട്ടിലെ ഇരയിമ്മൻതുറ വരെയുള്ള എ.വി.എം.കനാൽ(NW-13) എന്നിവയും ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ടവയാണ്. |
| (ബി) ദേശീയ ജലപാതാ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന ജലപാതയുടെ (വെസ്റ്റ് കോസ്റ്റ് കനാൽ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ആലപ്പുഴ - കോട്ടയം ജില്ലകളിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ - കോട്ടയം - അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (NW-59), തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ മുതൽ തമിഴ് നാട്ടിലെ ഇരയിമ്മൻതുറ വരെയുള്ള എ.വി.എം. കനാൽ (NW-13) എന്നിവയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. വെസ്റ്റ് കോസ്റ്റ് കനാലിന്റെ അവശേഷിക്കുന്ന കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയുമുള്ള ഭാഗം |

ദേശീയജലപാതാ നിലവാരത്തിലേയ്ക്കുയർത്തുന്നതിനുള്ള പ്രവൃത്തികൾ ഊർജ്ജിതമായി നടന്നു വരുന്നു. ജലപാതാവികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും, സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ചിട്ടുണ്ട്. പാർവ്വതീ പുത്തനാർ ഉൾപ്പെടെയുള്ള 35.38 കി.മീ. ഭാഗത്തെ കനാൽ വികസനം KWIL ന്റെ മേൽനോട്ടത്തിൽ ഊർജ്ജിതമായി നടന്നു വരുന്നു. കോഴിക്കോടിനും വടകരക്കും ഇടയിൽ 38.3 കി.മീ. ഭാഗം(ചെ.411.78 കി.മീ.–450.08 കി.മീ.) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി - വളപട്ടണത്തിനും ഇതിനിടയിലെ 3 'അൺകട്ട്' ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള 'അൺകട്ട്' ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ